കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - സ്കൂൾ കുട്ടികളിൽ നിന്നും സംഭാവന സ്വീകരിച്ചുകൊണ്ട് കേരള സ്കൂൾ ശാസ്ത്രമേളയ്ക്കായി സ്വർണ്ണക്കപ്പ് നിർമ്മിക്കുന്നതിനും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

=================================================================

പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്

സ. ഉ. (എം.എസ്) നമ്പർ.168/2014/പൊ.വി.വ        തീയതി. തിരുവനന്തപുരം 26.08.2014

=================================================================

പരാമർശം:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 02.08.2014 ലെ
വൈ(1)/55555/2014/ഡി.പി.ഐ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശ കത്ത് പ്രകാരമുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 12 -ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികളിൽ നിന്നും ഒരു രൂപ വീതം സംഭാവനയായി സ്വരൂപിച്ച് കൊണ്ട് സംസ്ഥാന സ്കൂൾ ശാസ്ത്രമേളയ്ക്കായി ഒരു കിലോഗ്രാം (125 പവൻ) തൂക്കമുള്ള സ്വർണ്ണക്കപ്പ് നിർമ്മിക്കുന്നതിനും പ്രസ്തുത തുക ശേഖരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, തിരുവനന്തപുരം ജഗതി ബ്രാഞ്ചിൽ ഒരു എസ്.ബി അക്കൗണ്ട് തുടങ്ങുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി.കെ.അസീസ്
അഡീഷണൽ സെക്രട്ടറി

പകർപ്പ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ